**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 791** **11-02-2025 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് കുന്നത്തുനാട് മണ്ഡലത്തിലെ എത്ര നഗറുകളെയാണ് അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ; | (എ) | ഈ സർക്കാരിന്റെ കാലത്ത് കുന്നത്തുനാട് മണ്ഡലത്തിൽ നിന്നും മൂലേക്കുഴി (2020-21),പൂത്തേത്ത് മുഗൾ (2021-22), പുളിയാമ്പിള്ളി മുഗൾ (2021-22), സി ആർ എൽ പീച്ചിങ്ങാച്ചിറ (2022-23) എന്നീ 4 നഗറുകളെ ടി പദ്ധതിയിലേക്ക് തെരഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) | ഓരോ നഗറിനും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും ഓരോ നഗറിലും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്നും അറിയിക്കാമോ; | (ബി) | പൂത്തേത്ത് മുഗൾ നഗറിന് 1 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. റീട്ടെയിനിംഗ് വാൾ നിർമാണം, കിണർ നവീകരണം, നഗറുകളിലെ റോഡ് വീതി കൂട്ടൽ, cut and convert drain നിർമാണം, കോൺക്രീറ്റ് റോഡ് നിർമാണം, ഫുട്പാത്ത് നിർമാണം , വീട്ടുകൾക്ക് സംരക്ഷണ ഭിത്തി നിർമാണം, RCC ബെഞ്ച്, ഭവന പുനരുദ്ധാരണം (19 എണ്ണം), സോളാർ ലൈറ്റ് എന്നീ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരുന്നത്. പുളിയാമ്പിള്ളി മുഗൾ നഗറിന് 76,03,208/- രൂപ അനുവദിച്ചു. ഭവന പുനരുദ്ധാരണം (34 എണ്ണം), പൊതുകിണർ നവീകരണം, അംഗനവാടി റോഡ് അറ്റകുറ്റപ്പണികൾ, ലൈബ്രറി ബുക്കുകളും സ്പോർട്സ് ഉപകരണങ്ങളും Berm കോൺക്രീറ്റിംഗ്, നഗറുകളിലെ റോഡുകളുടെ നവീകരണം, ലൈബ്രറി ബുക്കുകളും സ്പോർട്സ് ഉപകരണങ്ങളും നഗറുകളിലെ റോഡുകളുടെ Berm കോൺക്രീറ്റിംഗ്, എന്നീ പ്രവൃത്തികൾ നിലവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പുളിയാമ്പിള്ളി മുഗൾ നഗറിലെ മൂന്ന് വീടുകൾക്കുള്ള ഭവനപുനരുദ്ധാരണത്തിനും temple roof നവീകരണത്തിനുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് നിർവ്വഹണ ഏജൻസി തയ്യാറാക്കി വരുന്നു. |
| (സി) | നിലവിൽ എത്ര നഗറുകളിൽ പദ്ധതി പൂർത്തിയായെന്ന് വിശദമാക്കാമോ; | (സി) | പൂത്തേത്ത് മുഗൾ നഗറിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പദ്ധതി പൂർത്തീകരിക്കാത്ത നഗറുകളിലെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (ഡി) | പുളിയാമ്പിള്ളി മുഗൾ നഗറിന്റെ പ്രവൃത്തികളുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് നിർവ്വഹണ ഏജൻസിയിൽ നിന്നും ലഭ്യമാകേണ്ടതുണ്ട്. സി ആർ എൽ പീച്ചിങ്ങാച്ചിറ, മൂലേക്കുഴി എന്നീ നഗറുകളുടെ നിർവ്വഹണ ഏജൻസിയെ മാറ്റുന്നതിനുള്ള കുന്നത്തുനാട് എം.എൽ.എ യുടെ ശിപാർശയിന്മേലുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ഇ) | മുഴുവൻ നഗറുകളിലും പദ്ധതി വേഗത്തിൽ പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഇ) | പൂർത്തിയാക്കാനുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റിന് അംഗീകാരം നൽകി പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ